നം. റ്റിഎ1/1022/2011/സിഇ

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2011-12 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോഴ്സുകളിലേക്കുള്ള വിവിധ ഫീസ് ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്

**AICTE യുടെ ട്യൂഷൻ ഫീസ് ഇളവ് പദ്ധതി :**

2011-12 അദ്ധ്യയന വർഷത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ എഞ്ചിനീയറിംഗ് കോളേജുകളിൽ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ (AICTE) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള **ട്യൂഷൻ ഫീസ് ഇളവ് പദ്ധതി** നടപ്പിലാക്കുന്നു. സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് അനുവദിച്ചിട്ടുള്ള ആകെ സീറ്റുകളിൽ 5% വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതാണ്. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെ വരുന്ന വിദ്യാർത്ഥികളെ മെരിറ്റടിസ്ഥാനത്തിലാണ് ട്യൂഷൻ ഫീസ് ഇളവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

**സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്കുള്ള ഫീസ് ആനുകൂല്യം :**

2011 ൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിൽ ഓരോ കോഴ്സിനും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്ത മൊത്തം വിദ്യാർത്ഥികളിൽ നിന്നും ഏറ്റവും താഴ്ന്ന വാർഷിക കുടുംബ വരുമാനമുള്ള 50% വിദ്യാർത്ഥികൾക്ക്, സ്പെഷ്യൽ ഫീസായി അടച്ച 25,000/- രൂപ സർക്കാർ ഉത്തരവ് പ്രകാരം ഇളവ് ചെയ്ത് കൊടുക്കുന്നതാണ്.

2011 ൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോളേജുകളിൽ അഡ്മിഷൻ നേടിയിട്ടുള്ളവരും പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾ, മേൽപ്പറഞ്ഞ ഫീസ് ആനുകൂല്യം നേടുന്നതിന് റവന്യൂ അധികാരി നൽകുന്ന വാർഷിക കുടുംബ വരുമാന സർട്ടിഫിക്കറ്റ്, "**പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**" എന്ന വിലാസത്തിൽ **2011 നവംബർ 25-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പ്** സമർപ്പിക്കേണ്ടതാണ്. വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുമ്പോൾ വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിലേക്കായി പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡിന്റെ പകർപ്പ് കൂടി ഉൾക്കൊള്ളിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

2011 ലെ പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം വിവിധ സംവരണ ആനുകൂല്യങ്ങൾക്കു വേണ്ടി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും പുതുതായി വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല. തെറ്റായ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നവരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
14.11.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**